പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 130

27-06-2011-ൽ മറുപടിയ്ക്ക്

## ഫിഷിംഗ് ഹാർബറുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഫിഷിംഗ് ഹാർബറുകൾ പ്രവർത്തിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര എണ്ണം പ്രവർത്തന സജ്ജമാണെന്നും വെളിപ്പെടുത്തുമോ; | എ) തങ്കശ്ശേരി , നീണ്ടകര, മുനമ്പം, ബേപ്പൂർ, പുതിയാപ്പ, ചോമ്പാൽ, മാപ്പിളബേ, അഴീക്കൽ എന്നീ 8 ഫിഷിംഗ് ഹാർബറുകളാണ് മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തിച്ചിരുന്നത്. ഇവ കൂടാതെ കായംകുളം, തോട്ടപ്പള്ളി, പൊന്നാനി എന്നീ ഫിഷിംഗ് ഹാർബറുകൾ മുൻ സർക്കാരിന്റെ കാലത്ത് കമ്മീഷൻ ചെയ്യുകയുണ്ടായി. വിഴിഞ്ഞം ഫിഷിംഗ് ഹാർബറും ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇപ്രകാരം 12 ഫിഷിംഗ് ഹാർബറുകൾ പ്രവർത്തന സജ്ജമാണ്. |
| ബി) മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ഫിഷിംഗ് ഹാർബറുകളാണ് ആരംഭിക്കാൻ കഴിഞ്ഞത്, അവ ഏതെല്ലാമാണ്; | ബി) മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങൾ, കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖം, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവായ്, ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം ഒന്ന് -രണ്ട് ഘട്ടങ്ങൾ, അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം-ഒന്നാംഘട്ടം, എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖം ഒന്ന്-രണ്ട് ഘട്ടങ്ങൾ എന്നിവ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) കഴിഞ്ഞ സർക്കാർ തുടങ്ങിവച്ചതും പണി പൂർത്തിയായി കൊണ്ടിരിക്കുകയും ചെയ്യുന്ന ഹാർബറുകൾ ഏതെല്ലാമാണ്; | സി) കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച തലായ്, കൊയിലാണ്ടി, ചെത്തി എന്നീ ഹാർബറുകൾ പൂർത്തിയായി വരുന്നു. കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ, ചെല്ലാനം എന്നീ ഹാർബറുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| ഡി) പുതുതായി ഏതെങ്കിലും ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം നടത്താനോ, തുടങ്ങിവച്ചവ പൂർത്തിയാക്കാനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | ഡി) 7 വിവിധ ജില്ലകളിലായി 10 പുതിയ മത്സ്യബന്ധന തുറമുഖങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, മലപ്പുറം ജില്ലയിലെ താനൂർ, പരപ്പനങ്ങാടി എന്നിവ ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, തിരുവനന്തപുരം ജില്ലയിലെ വർക്കല-ചിലക്കൂർ, വലിയതുറ, പൂന്തുറ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളും ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട പ്രവൃത്തികളും തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളിൽ, മഞ്ചേശ്വരം, വെള്ളയിൽ, താനൂർ, എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പഠനവും, പരിസ്ഥിതി പഠനവും പൂർത്തിയാക്കി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. |

പരപ്പനങ്ങാടിയിൽ പരിസ്ഥിതി പഠനം ഹാർബർ ലൊക്കേഷൻ തീരുമാനിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. പുതിയങ്ങാടി, പുന്നപ്ര, സൗത്ത് പരവൂർ, വർക്കല-ചിലക്കൂർ, പൂന്തുറ എന്നിവിടങ്ങളിലെ അന്വേഷണ ഗവേഷണ പഠനങ്ങൾ പുരോഗമിച്ചുവരുന്നു. വലിയതുറയിലെ അന്വേഷണ ഗവേഷണം, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചു. പരിസ്ഥിതി പഠനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. തുടങ്ങിവച്ച മത്സ്യബന്ധന തുറമുഖങ്ങളായ കാസർഗോഡ്, ചെറുവത്തൂർ, തലായ്, കൊയിലാണ്ടി, ചേറ്റുവ, ചെല്ലാനം, ചെത്തി, വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ബാക്കി പ്രവൃത്തികൾ എന്നിവ പുരോഗമിച്ചു വരുന്നു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിനിൽ മണ്ണടിയുന്നത് പരിഹരിക്കുന്നതിനായി മാതൃകാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

[signature]

സെക്ഷൻ ഓഫീസർ